# GUIDELINES TO ISSUE CASTE CERTIFICATE TO CONVERTS OF SCHEDULED CASTES

**കേരള സർക്കാർ**

പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്
നമ്പർ 18421/ഇ2/87/പജ.പവ.വിക

**സർക്കുലർ**

വിഷയം:- മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നു.

സൂചന:- 27-7-1987 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 34/87/പജ.പവ.വിവ.

...

പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരോ അവരുടെ പിൻഗാമികളോ തിരികെ ഹിന്ദുമതം സ്വീകരിച്ചാൽ അവർക്ക് ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം ഗവൺമെന്റ് മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിക്കുകയുണ്ടായി. എന്നാൽ ഈ ഉത്തരവ് പ്രകാരം ജാതി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ ചില റവന്യൂ ഉദ്യോഗസ്ഥന്മാർ മന:പൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിച്ച് കാലതാമസം ഉണ്ടാക്കുന്നതായി പരാതികൾ ഗവൺമെന്റിന് ലഭിച്ചുവരുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ സാധിക്കാതെ വരുന്നതിലൂടെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കരസ്ഥമാക്കാൻ സാധിക്കാതെ വരുന്ന കേസുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ നിലവിലുള്ള പരാതികൾ ഒഴിവാക്കുന്നതിനും യഥാർത്ഥ പട്ടികജാതിക്കാർക്ക് ജാതിസർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുംവേണ്ടി മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടിക്രമം സംബന്ധിച്ച് താഴെ പറയുന്ന മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നു.

1. മതംമാറ്റം നടത്തിയശേഷം ജാതിസർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ അപേക്ഷ ബന്ധപ്പെട്ട വില്ലേജ് ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജാതിസർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന വ്യക്തിയോട് താഴെ കാണുന്ന സർട്ടിഫിക്കറ്റുകൾ/വസ്തുതകൾ ഹാജരാക്കുവാൻ വില്ലേജ് ആഫീസർ ആവശ്യപ്പെടേണ്ടതാണ്.

(1) അപേക്ഷകൻ മതപരിവർത്തനം നടത്തിയതിനെ സംബന്ധിക്കുന്ന ഗസറ്റ് പരസ്യം (മതപരിവർത്തനത്തോടുകൂടി പേര്, ഇനിഷ്യൽ എന്നിവയിൽ മാറ്റം വന്നിട്ടുണ്ടെങ്കിൽ അതും ഗസറ്റ് വിജ്ഞാപനത്തിൽ വരേണ്ടതാണ്).

...2.

(2) അപേക്ഷകനെ ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം നടത്തിയ

(എ) അഖിലഭാരത അയ്യപ്പസേവാസംഘം.

(ബി) ദി ഇന്ത്യാ ദയാനന്ദ സാൽവേഷൻ മിഷൻ (ആര്യസമാജ്, കേരള ബ്രാഞ്ച്, തിരുവനന്തപുരം).

(സി) കേരള ഹിന്ദുമിഷൻ, തിരുവനന്തപുരം.

(ഡി) ശ്രീ. രാമദാസമിഷൻ യൂനിവേഴ്സൽ സൊസൈറ്റി, ശ്രീനീലകണ്ഠപുരം, തിരുവനന്തപുരം - 695 581.

(ഇ) കാലിക്കറ്റ് ആര്യസമാജ്, ആര്യസമാജ് മന്ദിർ, പുതിയറ പി.ഒ, കാലിക്കറ്റ് - 673 004.

എന്നീ അംഗീകൃത ഹിന്ദുമത സംഘടനകളിൽ ഏതിന്റെയെങ്കിലും ഒന്നിന്റെ സർട്ടിഫിക്കറ്റ്.

(3) ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം നടത്തിയ വ്യക്തിയുടെ ശുദ്ധീകർമ്മത്തിൽ സംബന്ധിച്ചിരുന്ന ആൾക്കാരുടെ പേരുകളും പൂർണ്ണമേൽവിലാസവും.

(4) മതപരിവർത്തനം നടത്തിയ വ്യക്തിയെ തങ്ങളുടെ സമുദായത്തിലെ അംഗമായി അംഗീകരിച്ചിരിക്കുന്നുവെന്നും, മതപരിവർത്തനത്തിനുശേഷം അയാൾ ക്രിസ്ത്യാനിയായിട്ടല്ല ഹിന്ദുവായിട്ടാണ് ജീവിക്കുന്നതെന്നും, മതം മാറിയ ആളിന്റെ അടുത്ത് താമസിക്കുന്ന, അതേ സമുദായത്തിലെ ഉത്തരവാദപ്പെട്ട ആൾക്കാരിൽനിന്നുമുള്ള സർട്ടിഫിക്കറ്റ്.

II. മതംമാറിയ വ്യക്തിയുടെ പിതാവ്/പൂർവ്വികർ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം നടത്തിയ പട്ടികജാതിക്കാരനാണോ/പട്ടികജാതിക്കാരനായിരുന്നുവോ എന്നും, മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകളും, രേഖകളും, സാക്ഷ്യപത്രങ്ങളും പരിശോധിച്ചശേഷം വില്ലേജ് ഓഫീസർ അപേക്ഷ ലഭിച്ച <u>പരമാവധി പത്തു ദിവസത്തിനകം</u> ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. മതംമാറി ഹിന്ദുവായി മാറുന്നതോടെ ആ ക്രൈസ്തവൻ പട്ടികജാതിക്കാരനായി മാറുന്നു. അയാളുടെ മാതാപിതാക്കളോ ബന്ധുക്കളോ ക്രിസ്ത്യാനികളായി തുടരുന്നുവെന്നത് ഇവിടെ അപ്രസക്തമാണ്. ഇത്തരം അപ്രസക്തമായ പ്രശ്നങ്ങൾ ഉന്നയിച്ച് ജാതി സർട്ടിഫിക്കറ്റ് നിരസിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

III. ജാതിസർട്ടിഫിക്കറ്റ് നൽകുവാൻ സാധിക്കാത്ത കേസുകളിൽ അപേക്ഷ ലഭിച്ച് <u>പത്തു ദിവസത്തിനകം</u> നിരസിക്കാനുള്ള കാരണം വ്യക്തമായി രേഖപ്പെടുത്തി അപേക്ഷകന് വില്ലേജ് ഓഫീസർ മറുപടി നൽകേണ്ടതാണ്.

IV. വില്ലേജ് തലത്തിൽ നിരസിക്കപ്പെടുന്ന കേസുകളിൽ അപേക്ഷകന് ജാതിസർട്ടിഫിക്കറ്റിനായി ബന്ധപ്പെട്ട തഹസിൽദാരെ സമീപിക്കാവുന്നതാണ്. തനിക്കു ലഭിക്കുന്ന അപേക്ഷ തഹസിൽദാർ നേരിട്ട് പരിശോധിച്ച്, ജാതി സർട്ടിഫിക്കറ്റ് പതിനഞ്ചു ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്. സർട്ടിഫിക്കറ്റ് നൽകാതിരിക്കാൻ കാരണമുണ്ടെങ്കിൽ അത് വ്യക്തമായി ചൂണ്ടിക്കാട്ടി പട്ടികജാതി വികസനവകുപ്പ് ഡയറക്ടറുടെ അന്വേഷണത്തിനും നിർദ്ദേശത്തിനുമായി പതിനഞ്ചു ദിവസത്തിനുള്ളിൽ തന്നെ അയച്ചുകൊടുക്കുകയും ആ വിവരം ബന്ധപ്പെട്ട അപേക്ഷകനെ അറിയിച്ചിരിക്കുകയും വേണം.

V. തഹസിൽദാരിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടിന്മേൽ പട്ടികജാതി വികസന ഡയറക്ടർ വിശദമായ അന്വേഷണം നടത്തി, രണ്ടു മാസത്തിനുള്ളിൽ തീരുമാനം എടുക്കേണ്ടതാണ്. പട്ടികജാതി വികസന ഡയറക്ടറുടെ തീരുമാനം അപേക്ഷകന് അനുകൂലമാണെങ്കിൽ ജാതിസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നിർദ്ദേശം തഹസിൽദാർക്ക് നൽകേണ്ടതാണ്. പട്ടികജാതി വികസനവകുപ്പ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം തഹസിൽദാർ ബന്ധപ്പെട്ട അപേക്ഷകന് ഉടനെ ജാതി സർട്ടിഫിക്കറ്റ് നൽകുകയും വേണം. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ തീരുമാനം അപേക്ഷകന് പ്രതികൂലമാണെങ്കിൽ ആ വിവരം ബന്ധപ്പെട്ട അപേക്ഷകനെയും, തഹസിൽദാരെയും അറിയിച്ചിരിക്കേണ്ടതാണ്. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറിൽനിന്നും തഹസിൽദാർക്കും ലഭിക്കുന്ന നിർദ്ദേശങ്ങൾ അറിവിലേക്കായി ബന്ധപ്പെട്ട വില്ലേജ് ഓഫീസറെയും തഹസിൽദാർ അറിയിച്ചിരിക്കണം.

VI. വില്ലേജ് ഓഫീസറും തഹസിൽദാരും ഇപ്രകാരം മതപരിവർത്തനം നടത്തിയവർക്ക് നൽകുന്ന ജാതി സർട്ടിഫിക്കറ്റ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് 9-1-79 ലെ ജി.ഒ. (എം.എസ്.) നമ്പർ 6/79/ഡി.ഡി. പ്രകാരം നിശ്ചയിച്ചിട്ടുള്ള മാതൃകയിലായിരിക്കണം. ഇത്തരം സർട്ടിഫിക്കറ്റുകളിൽ 15-12-8 ലെ 18421/ഇ2/87/പജ.പവ.വിവ. നമ്പർ സർക്കുലറിൽ പറഞ്ഞിരിക്കുന്ന മാർഗ്ഗരേഖകൾ പാലിച്ചതിനുശേഷമാണ് ജാതി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്നതെന്നും രേഖപ്പെടുത്തേണ്ടതാണ്.

VII. ഈ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശിക്ഷണനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

കെ. ലളിതാംബിക,
സെക്രട്ടറി.